(9) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കർഷകർക്ക് നഷ്ടപരിഹാരം

ശ്രീ. സ്റ്റീഫൻ ജോർജ്ജ്: സർ, കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ 560-ഓളം ഹെക്ടർ നെൽകൃഷി വരൾച്ചമൂലവും വെള്ളം പടിഞ്ഞാട്ട് ഒഴുകാതിരുന്നതുകൊണ്ട് എതിർദിശയിൽ ഓരുവെള്ളം കയറിയും നശിച്ചിട്ടുണ്ട്. 10 കോടിയോളം രൂപയുടെ കൃഷി നശിച്ചതായി കണക്കാക്കുന്നു. അതുകൊണ്ട് കൃഷിക്കാർക്ക് വരൾച്ചാ ആനുകൂല്യം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ബഹുമാനപ്പെട്ട തോമസ് ചാഴികാടന്റെ സബ്മിഷനും സമാന സ്വഭാവമുള്ളതാണ്. രണ്ട് കോൺസ്റ്റിറ്റുവൻസിയാണ്. രണ്ടിനും ഒരുമിച്ച് ഉത്തരം പറയാം.

(10) കോട്ടയം ജില്ലയിലെ കർഷകർക്ക് നഷ്ടപരിഹാരം

ശ്രീ. തോമസ് ചാഴികാടൻ: സർ, കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ മാത്രമല്ല കോട്ടയം ജില്ലയുടെ പടിഞ്ഞാറൻ മേഖലകളിൽ മൊത്തത്തിലും ഏറ്റുമാനൂർ നിയോജകമണ്ഡലത്തിലും ഓരുവെള്ളം കയറിയതുമൂലം കൃഷിനാശം ഉണ്ടായിട്ടുണ്ട്. കളക്ടർ ഏതാണ്ട് 14 കോടിരൂപയുടെ നഷ്ടം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവിടെ മുഴുവൻ കുടിവെള്ളക്ഷാമവുമുണ്ട്. വൈക്കം ഉൾപ്പെടെയുള്ള സ്ഥലത്താണിതുള്ളത്. കോട്ടയം ജില്ലയുടെ പടിഞ്ഞാറൻ മേഖലയാകെ കഷ്ടത്തിലാണ്. 1500 രൂപ വച്ച് 53 ലക്ഷം രൂപ നഷ്ടപരിഹാരം കൊടുക്കാൻ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. അത് അടിയന്തിരമായും റിലീസ് ചെയ്യാനുള്ള നിർദ്ദേശം വേണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞതുപോലെ കോട്ടയം ജില്ലയുടെ പടിഞ്ഞാറൻ പ്രദേശങ്ങൾ രൂക്ഷമായ വരൾച്ചയിലാണ്. വെള്ളം അങ്ങോട്ട് ഒഴുകുന്നില്ല, വെള്ളമില്ല. അതുകൊണ്ട് ഓരുവെള്ളം കയറുകയാണ്. ഏതായാലും വരൾച്ചയുടെ ഫലമായി വലിയ നഷ്ടം ഉണ്ടായിട്ടുണ്ട്. അതിന് നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള ഏർപ്പാടാകുന്നുണ്ട്. 2 കോടി രൂപ കോട്ടയം ജില്ലയിലെ കൃഷിനാശത്തിനുവേണ്ടി മാറ്റിവച്ചിട്ടുണ്ട്. ഇപ്പോൾ 75,80,500 രൂപ കൃഷിക്കാർക്ക് വിതരണം ചെയ്യാൻ റെഡിയായിട്ടുണ്ട്. ഏതു ജില്ലയിലായാലും സബ്മിഷൻ വന്നാൽ അപ്പോൾ തന്നെ കൊടുക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly